# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2749 — 10/12/2014 -ൽ മറുപടിക്ക്

# ജിഡ ഫണ്ട് ഉപയോഗിച്ചുള്ള വൈപ്പിൻ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.ശർമ്മ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജിഡ ഫണ്ട് ഉപയോഗിച്ചുള്ള വൈപ്പിൻ കുടിവെള്ള പദ്ധതിയിലുൾപ്പെട്ട വാട്ടർ ടാങ്കുകളുടെ നിർമ്മാണത്തിന് ഏറെ കാലതാമസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ; ഇനിയും പൂർത്തീകരിക്കാനുള്ള ടാങ്കുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) ഉണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നിർദ്ദേശങ്ങൾ കരാറുകാർക്ക് നൽകുകയും പൂർത്തീകരിക്കേണ്ട ജോലികളുടെ സമയം നിഷ്കർഷിച്ചുകൊണ്ടുള്ള ചാർട്ട് കരാറുകാരിൽ നിന്നും ഒപ്പിട്ടുവാങ്ങുകയും ചെയ്തിട്ടുണ്ട്. ഇനിയും പൂർത്തീകരിക്കുവാനുള്ള ടാങ്കുകൾ താഴെ പറയുന്നവയാണ്.<br>1. എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം പഞ്ചായത്തുകളിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്ന പദ്ധതിയിലെ മുരിക്കുംപാടത്ത് നിർമ്മിക്കുന്ന 11.80 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി.<br>2. ഞാറയ്ക്കൽ നിർമ്മിക്കുന്ന 17.90 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി.<br>3. കടമക്കുടി പഞ്ചായത്തിന് വേണ്ടിയുള്ള കുടിവെള്ള വിതരണ പദ്ധതിയുടെ മെച്ചപ്പെടുത്തൽ-പിഴലയിൽ നിർമ്മിക്കുന്ന രണ്ട് ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി.<br>4. ജിഡ-ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് എടവനക്കാട് നിർമ്മിക്കുന്ന ഉപരിതല ജലസംഭരണി |
| (ബി) എഗ്രിമെന്റ് കാലാവധി കഴിഞ്ഞിട്ടും എത്ര തവണ ഈ പ്രവൃത്തികൾക്ക് സമയം ദീർഘിപ്പിച്ചുനൽകിയെന്ന് വ്യക്തമാക്കാമോ; | (ബി) 1. മുരിക്കുംപാടം ടാങ്കിന് എഗ്രിമെന്റ് കാലാവധി കഴിഞ്ഞിട്ട് രണ്ടുതവണ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |

JSK/

2. ഞാറയ്ക്കൽ ടാങ്കിനും കടമക്കുടി പഞ്ചായത്തിനുവേണ്ടിയുള്ള പിഴല ടാങ്കിനും എടവനക്കാട് ഉപരിതല സംഭരണിയുടെ പ്രവർത്തിക്കും ഓരോ തവണ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(സി) പ്രവൃത്തി പുനരാരംഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ ജോലികൾ പൂർത്തീകരിക്കുവാൻ കരാറുകാരന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

(ഡി) എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം പഞ്ചായത്തുകളിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി 5/2015 ലും കടമക്കുടി പഞ്ചായത്തിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്ന പദ്ധതി പൂർണ്ണതോതിൽ 4/2015-ലും എടവനക്കാട് കുഴുപ്പിള്ളി പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ഉപരിതല ജലസംഭരണി 31/12/2014 ലും പൂർണ്ണതോതിൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ